മെട്രോ വാർത്ത

29 April 2018

# ഡോ. ഇ.ജി. സൈലാസ് അന്തരിച്ചു

കൊച്ചി: പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞനും കേരള കാർഷിക സർവകലാശാല മുൻ വൈസ്ചാൻസലറുമായിരുന്ന ചിലവന്നൂർ അമ്പാടി റിട്രീറ്റ് ശാരദാ നിവാസിൽ ഡോ. ഇ.ജി. സൈലാസ് (90) അന്തരിച്ചു.



ഡോ. ഇ.ജി. സൈലാസ്

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), ചെന്നൈ കേന്ദ്ര ഓരു ജലകൃഷി ഗവേഷണ സ്ഥാപനം (സിബ) എന്നിവയുടെ ഡയറക്റ്റർ, സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) ചെയർമാൻ, സാലിം അലി സെന്റർ ഫൊർ ഓർണിത്തോളജി ആൻഡ് നാച്ചുറൽ ഹിസ്റ്ററി സ്ഥാപക ചെയർമാൻ, രാജീവ് ഗാന്ധി ജലകൃഷി കേന്ദ്രത്തിന്റെ ശാസ്ത്ര ഉപദേശക സമിതി ചെയർമാൻ, സെൻട്രൽ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജിയുടെ ശാസ്ത്ര ഉപദേശക സമിതി ചെയർമാൻ, ആൻഡമാനിലെ സെൻട്രൽ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള സ്പെഷ്യൽ ഓഫീസർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. സിഎംഎഫ്ആർഐയുടെ ഡയറക്റ്ററായിരിക്കെ സ്ഥാപിച്ച സെന്റർ ഫൊർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ മാരികൾച്ചർ സമുദ്രകൃഷി, ഗവേഷണ മേഖലകളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കി. മുന്നൂറോളം ശാസ്ത്രപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട നിരവധി നയരൂപീകരണ സമിതികളിലും അക്കാദമിക-ഗവേഷണ സമിതികളിലും അംഗമായിരുന്നു.

അന്താരാഷ്ട്രതലത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് നിരവധി കൂടിയാലോചനാ യോഗങ്ങളിൽ പങ്കെടുത്തു. ഭാര്യ: ശാരദ സൈലാസ്. മക്കൾ: ഡോ. ഗീത സൈലാസ്, രമേശ് സൈലാസ്, ഡോ. അരുൺ സൈലാസ്. മരുമകൾ: എമി. സംസ്കാരം നാളെ വൈകിട്ടു നാലിനു ബ്രോഡ്‌വേ സിഎസ്ഐ ഇമ്മാനുവൽ കത്തീഡ്രലിൽ. സംസ്കാരം സെമിത്തേരിമുക്ക് സിഎസ്ഐ ശ്മശാനത്തിൽ.